ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471-2333317 / 37
തീയതി: **02-10-2024**

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ ,
കേരളം

സ്വീകർത്താവ്: 1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ,
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ,
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സർക്കാർ വെബ്സൈറ്റ് കളുടെ ഡീഫോൾട് പേജ് മലയാളത്തിലാക്കുന്നതും ലിപി പരിഷ്കരണ നിർദേശ പ്രകാരമുള്ള ഫോണ്ടുകൾ ഉപയോഗിക്കുന്നതും - സംബന്ധിച്ച്

സൂചന :- ഓ എൽ 4/56/2024/പി & എ ആർ ഡി നമ്പറിലെ , 23/9/2024 തീയതിയിലുള്ള സർക്കുലർ

സൂചന പ്രകാരം ഇ ഓഫീസിൽ മന്ദാരം ഫോണ്ട് ഉപയോഗിക്കണമെന്നും സർക്കാരിന്റെ മറ്റാവശ്യങ്ങൾക്ക് മന്ദാരം , തുമ്പ, രഹ്ന തുടങ്ങി 2022 -ലെ ലിപി പരിഷ്കരണ നിർദേശപ്രകാരം തയ്യാറാക്കിയിട്ടുള്ള ഫോണ്ടുകൾ ഉപയോഗിക്കണമെന്നും എല്ലാ വകുപ്പുകൾക്കും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. മേൽ നിർദേശ പ്രകാരമുള്ള സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. എല്ലാ ഓഫീസ് മേധാവികളും സർക്കാർ നിർദേശം പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Manojkumar K
Date: 02-10-2024 17:43:40

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA

പകർപ്പ് :- സി എ റ്റ ടി സി / അഡിഷണൽ ടി സി / ജെ ടി സി /ജെ ടി സി (എൻഫോഴ്സ്മെന്റ് ) / സീനിയർ ഡി ടി സി / സീനിയർ എ ഓ / സീനിയർ ലോ ഓഫീസർ / സീനിയർ എഫ് ഓ, എ ടി സി , സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സെക്ഷൻ സൂപ്രണ്ടുമാർ / ഇ ഓഫീസ് സ്റ്റേറ്റ് നോഡൽ ഓഫീസർ

1/2

ഭരണഭാഷ–മാതൃഭാഷ

**കേരളസർക്കാർ**

നം. ഒ.എൽ 4/56/2024/പി & എ ആർ ഡി
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്
തിരുവനന്തപുരം
തീയതി: 23/09/2024

## <u>സർക്കുലർ</u>

വിഷയം:- ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - സർക്കാർ വെബ്സൈറ്റുകളുടെ ഡീഫോൾട്ടുപേജ് മലയാളത്തിലാക്കുന്നതും ലിപിപരിഷ്കരണനിർദേശപ്രകാരമുള്ള ഫോണ്ടുകൾ ഉപയോഗിക്കുന്നതും സംബന്ധിച്ച്.

സൂചന:- 1) 23/06/2022 ലെ ഒ.എൽ4 /33/2022/പി & എ.ആർ.ഡി നമ്പർ സർക്കുലർ.
2) 08/11/2022 ലെ ഒ.എൽ4/38/2022/പി & എ.ആർ.ഡി നമ്പർകത്ത്.
3) 19/07/2024 ലെ ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 19/07/2024 ൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗത്തിൽ, ഇ-ഓഫീസിൽ മന്ദാരം ഫോണ്ടുപയോഗിക്കണമെന്നും സർക്കാരിന്റെ മറ്റാവശ്യങ്ങൾക്ക് മന്ദാരം, തുമ്പ, രഹന തുടങ്ങി 2022-ലെ ലിപിപരിഷ്കരണനിർദേശപ്രകാരം തയ്യാറാക്കിയിട്ടുള്ള ഫോണ്ടുകൾ ഉപയോഗിക്കണമെന്നും എല്ലാ വകുപ്പുകൾക്കും നിർദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെയും മറ്റു വകുപ്പുകളിലെയും, ജില്ലാകളക്ട്രേറ്റുകളിലെയും വെബ്സൈറ്റുകൾ ദ്വിഭാഷയിൽ തയ്യാറാക്കണമെന്നും ഡിഫോൾട്ടുപേജ് മലയാളത്തിലായിരിക്കണമെന്നും സമിതി നിർദേശിച്ചിട്ടുണ്ട്.

സർക്കാർവെബ്സൈറ്റുകൾ പ്രാഥമികമായി മലയാളത്തിൽ തയ്യാറാക്കുന്നതിനും, ഇംഗ്ലീഷ് പേജിലെ വിവരങ്ങൾ തിരഞ്ഞെടുക്കുന്നതിനുമുള്ള സൗകര്യം ലഭ്യമാക്കുന്നതിനും സെക്രട്ടേറിയറ്റ് വകുപ്പുകൾ ഉൾപ്പെടെ എല്ലാ സർക്കാർവകുപ്പുകൾക്കും സൂചന (1) പ്രകാരം സർക്കാർ നിർദേശം നൽകിയിരുന്നു. മലയാളഭാഷയുടെ എഴുത്തുസമ്പ്രദായത്തിലും അച്ചടിയിലും പുതിയ ലിപിവ്യവസ്ഥയും ഭാഷാപ്രയോഗരീതിയും, അതുപ്രകാരം രൂപപ്പെടുത്തിയ ഫോണ്ടുകളും മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദേശിച്ച്കൊണ്ട് സൂചന (2) പ്രകാരം എല്ലാ വകുപ്പു മേധാവികൾക്കും കത്ത് നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിലുള്ള നടപടി പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ വകുപ്പു സെക്രട്ടറിമാർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഓഫീസ് മേധാവികളും താഴെപ്പറയുന്ന കാര്യങ്ങളിൽ അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്.

1) സംസ്ഥാനത്തെ സെക്രട്ടേറിയറ്റ് വകുപ്പുകൾ ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകളിലും, കളക്ടറേറ്റുകൾ, സർവകലാശാലകൾ, സ്വയംഭരണസ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലും ഇ-ഓഫീസിൽ

2022-ലെ ലിപിപരിഷ്കരണനിർദേശപ്രകാരം തയ്യാറാക്കിയ മന്ദാരംഫോണ്ടുമാത്രം ഉപയോഗിക്കേണ്ടതാണ്.

2) സർക്കാരിന്റെ മറ്റാവശ്യങ്ങൾക്ക് മന്ദാരം, തുമ്പ, രഹന തുടങ്ങി 2022-ലെ ലിപിപരിഷ്കരണ നിർദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണ്. ഈ ഫോണ്ടുകൾ www.kerala.gov.in/malayalamfont ൽ ലഭ്യമാണ്.

3) മലയാളഭാഷയുടെ എഴുത്തുസമ്പ്രദായത്തിലും അച്ചടിയിലും പുതിയ ലിപിവ്യവസ്ഥയും ഭാഷാപ്രയോഗരീതിയും (glossary.kerala.gov.in/pdf/മലയാളത്തിന്റെ എഴുത്തുരീതി.pdf) അതുപ്രകാരം രൂപപ്പെടുത്തിയ ഫോണ്ടുകളും മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

4) സെക്രട്ടേറിയറ്റ് വകുപ്പുകളിലേതുൾപ്പെടെ എല്ലാ സർക്കാർവെബ്സൈറ്റുകളും ദ്വിഭാഷയിൽ (ഇംഗ്ലീഷ് & മലയാളം) തയ്യാറാക്കേണ്ടതും അവയുടെ ഡിഫോൾട്ടുപേജ് മലയാളത്തിലായിരിക്കേണ്ടതുമാണ്.

**ദീപ ടി.വി**
ജോയിന്റ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ വകുപ്പുതലവന്മാർ/ ജില്ലാ കളക്ടർമാർ.
സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖല/ അർധസർക്കാർ/ സ്വയംഭരണസ്ഥാപനങ്ങളുടെ തലവന്മാർ
സെക്രട്ടറിയേറ്റിലെ നിയമം/ ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ (എസ്. സി) വകുപ്പ്
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ